9616
2/6/16

2/6

# തിരുവിതാംകൂർ ദേവസ്വം സെക്രട്ടറിയുടെ നടപടി ഉത്തരവ്

**(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)**

**സംഗ്രഹം**

തരിശായി കിടക്കുന്ന ദേവസ്വം ഭൂമിയിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നത് സംബന്ധിച്ച്.

നടപടി ഉത്തരവ് നമ്പർ: 505 /16/ലാന്റ് നന്തൻകോട്, തീയതി: 02/06/2016

**ഉത്തരവ്**

ദേവസ്വങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ നക്ഷത്രവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന് ജന്മദിന സമ്മാനപദ്ധതി എന്ന പേരിൽ ബോർഡ് തുടങ്ങിയ പദ്ധതി നടത്തിപ്പിൽ നാമമാത്രമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

സമീപകാലത്തേതിൽ ഏറ്റവും ചൂടുകൂടിയ കാലമാണ് 2016-ലെ വേനൽകാലം. പരമാവധി മരങ്ങൾ നട്ടുവളർത്തി ഭൂമണ്ഡലത്തെ പച്ചപിടിപ്പിച്ചാൽ കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുവാനും ചൂട് നിയന്ത്രിക്കുവാനും ഒരു പരിധിവരെ കഴിയുമെന്ന് ശാസ്ത്രലോകം കണ്ടെത്തിയിട്ടുള്ളതാണ്. ലോകത്ത് ഉണ്ടായിരിക്കുന്ന കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്നതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി 10,000 വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്.

ആകയാൽ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രഭൂമിയിൽ ഓരോ ക്ഷേത്രത്തോടനുബന്ധിച്ചും ചുരുങ്ങിയത് 10 വൃക്ഷത്തൈകളെങ്കിലും നട്ടുപിടിപ്പിക്കുന്നതിനും ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഓരോ സ്ഥാപനങ്ങളിലും 100 വൃക്ഷതൈകൾ വീതം നട്ടുപിടിപ്പിക്കുന്നതിനും, ആയത് ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് തുടക്കമിടുന്നതിനും ദേവസ്വം ബോർഡ് തീരുമാനം കൈക്കൊള്ളുന്നു. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

sd/-

**സെക്രട്ടറി**

വിവരമറിവാനും വേണ്ട നടപടിക്കുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) എല്ലാ ആഫീസ് മേധാവികൾക്കും
3) പബ്ളിക് റിലേഷൻസ് ആഫീസർ
4) സെക്ഷൻ ഫയൽ
5) ഫെയർ ആഫീസ് കോപ്പി
6) ഫയൽ ബുക്ക്

**അംഗീകാരത്തോടെ/അസിസ്റ്റന്റ് സെക്രട്ടറി**

ROC No. 9616/16/L

Office of the Devaswom Commissioner
02.06.2016

Copy forwarded to the Executive Officer, Sabarimala / Assistant Devaswom Commissioner, Karunagapally for necessary action and report.

Copy to EDP Section

Assistant Devaswom Commissioner
Accounts
2/6/2016